LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി

99 [1279] ശ്രീ. പി. ടി. തോമസ്:

" ടി. എൻ. പ്രതാപൻ:

" ടി. വി. ചന്ദ്രമോഹൻ:

" എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്;

(ബി) ഇവ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്;

(സി) ഇവയുടെ 2003-2004-ലെ ലാഭനഷ്ടങ്ങൾ എത്രയാണ്;

(ഡി) ഇവയുടെ ഒട്ടാകെയുള്ള സഞ്ചിത നഷ്ടമെത്രയാണ്;

(ഇ) ഇവയിൽ ഒട്ടാകെ എന്തു തുക നിക്ഷേപിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ 68 പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്.

(ബി ആന്റ് സി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2003-04-ലെ ലാഭനഷ്ട കണക്കുകളുടെ വിവരങ്ങൾ അനുബന്ധം ഒന്നിൽ ചേർത്തിട്ടുണ്ട്. †

(ഡി ആന്റ് ഇ) ഈ സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടങ്ങളുടെയും നിക്ഷേപത്തിന്റെയും വിവരം അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. †

അടച്ചു പൂട്ടിയ പൊതുമേഖലാസ്ഥാപനങ്ങൾ

100 [1280] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് അടച്ചു പൂട്ടിയ പൊതുമേഖലാസ്ഥാപനങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.